"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ടി.കെ. ബാബു സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2847/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/12/2019

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 19.03.2018-ലെ ഡി4-18832/15 നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. ടി.കെ. ബാബു സമർപ്പിച്ച സമർപ്പിച്ച 26.05.2018-ലെ അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 27.03.2019-ലെ PAN/491/2019-D4(DP)നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. ടി.കെ. ബാബു മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയി സേവനമനുഷ്ഠിച്ചപ്പോൾ നഞ്ച നികത്തിയ സ്ഥലത്ത് അനധികൃതമായി സ്കൂൾ കെട്ടിടം പണിയുന്നതിന് പെർമിറ്റ് അനുവദിക്കുകയും ബഹു. ഹൈക്കോടതി വിധിന്യായം മറികടന്ന് കെട്ടിടത്തിന് നമ്പർ നൽകുകയും താൽക്കാലിക ഷെഡ്ഡ് പൊളിച്ചു മാറ്റുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീ. ടി.കെ. ബാബുവിനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പഞ്ചായത്ത് ഡയറക്ടറുടെ മേൽ ഉത്തരവിനെതിരെ ശ്രീ. ടി.കെ. ബാബു പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.കെ. ബാബു റീസർവ്വേ 163/2-ൽപ്പെട്ട 42 സെന്റ് സ്ഥലത്ത് ശ്രീ. വി.പി. മുഹമ്മദ് ബഷീർ, സെക്രട്ടറി ഇസ്ലാമിക് ഫ്രണ്ട് കമ്മിറ്റി, തിരുതമ്മൽ, ഇരിങ്ങാവൂർ പി.ഒ എന്നയാൾക്ക് നഞ്ച നികത്തിയ സ്ഥലത്തു അനധികൃതമായി പാർപ്പിടാവശ്യത്തിനല്ലാതെ 300 ചതുരശ്ര മീറ്ററിൽ കവിഞ്ഞു 453.37 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ സ്കൂൾ കെട്ടിടം പണിയുന്നതിന് 10.02.2014-ന് പെർമിറ്റ് അനുവദിക്കുകയും ബഹു. ഹൈക്കോടതിയുടെ വിധിന്യായം മറികടന്ന് കെട്ടിടത്തിന് നമ്പർ നൽകുകയും മേൽ വസ്തുവിലുള്ള താത്കാലിക ഷെഡ് പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കാതെ പ്രസ്തുത ഷെഡ് സെമി പെർമനന്റ് ബിൽഡിംഗ് ആയി നിലനിർത്തുകയും ചെയ്തു എന്നും റവന്യൂ രേഖകളിൽ നിലം/നഞ്ച എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ വ്യവസ്ഥകൾക്ക് വിധേയമായി 300 ചതുരശ്ര മീറ്റർ അധികരിക്കാത്ത സ്വന്തം താമസാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കാൻ മാത്രമേ അനുമതി

നല്കാൻ പാടുള്ളുവെന്നും അത്തരം അനുമതി നൽകുമ്പോൾത്തന്നെ ഈ ആവശ്യത്തിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി സ്ഥല പരിശോധന നടത്തി നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ വരുത്തി മഹസർ തയ്യാറാക്കേണ്ടതായിട്ടുണ്ടെന്നും ഇത്തരം വസ്തുവിൽ വാസേതര കെട്ടിടം നിർമ്മിക്കുവാൻ പാടുള്ളതല്ലായെന്ന് സർക്കാർ ഇക്കാര്യം വ്യക്തമായി വിശദീകരിച്ചിട്ടുള്ളതാണെന്നും ആയതിനാൽ നഞ്ച വിഭാഗത്തിൽപെട്ട വസ്തുവിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള അധികാര ദുർവിനിയോഗവും കൃത്യവിലോപവുമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 22.01.2011-ലെ 4545/ആർ.എ/തസ്വഭവ നമ്പർ സർക്കുലറും, 19.04.2016-ലെ 130/ആർ.എ/2016/തസ്വഭവ നമ്പർ സർക്കുലറും, 1967-ലെ ഭൂവിനിയോഗ നിയമ പ്രകാരം നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവ മറ്റ് നിർമ്മാണ ആവശ്യങ്ങൾക്ക് രൂപപ്പെടുത്തുവാനോ പരിവർത്തനപ്പെടുത്തുവാനോ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ സർക്കുലറുകൾക്ക് വിരുദ്ധമായി സ്കൂൾ കെട്ടിടനിർമ്മാണത്തിനു അനുമതി നൽകിയതും കെട്ടിട നമ്പർ അനുവദിച്ചതും ശ്രീ.ടി.കെ. ബാബുവിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയും കൃത്യവിലോപവുമായി കണ്ടാണ് ശ്രീ. ടി.കെ. ബാബുവിന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയുക എന്ന ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഞ്ച നികത്തിയ സ്ഥലത്ത് കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയും ബഹു. ഹൈക്കോടതിയുടെ വിധിന്യായം മറികടന്ന് നമ്പർ അനുവദിക്കുകയും ചെയ്തതുവഴി സെക്രട്ടറിയായിരുന്ന ടി.കെ. ബാബുവിന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. ആയതിനാൽ ശ്രീ. ടി.കെ. ബാബുവിനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി പുനഃ പരിശോധിക്കേണ്ടതില്ലാത്തതിനാൽ ടിയാൻ സമർപ്പിച്ച പരാമർശം (2) ലെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ടി.കെ. ബാബു, മുൻ സെക്രട്ടറി, ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/272/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ